✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1069

# സൂറ – 35 / ഫാത്വിർ

## സൂക്തം: 02 – 05

ഭൗതിക ജീവിതം ക്ഷണികവും ക്ഷുദ്രവുമാണ്. ഈ ജീവിതത്തിനപ്പുറം ഒന്നുമില്ല എന്ന തോന്നൽ വ്യാമോഹമാണെന്നറിഞ്ഞിരിക്കുക. ദൈവം നിങ്ങളെ വെറുതെ സൃഷ്ടിച്ചുവിട്ടിരിക്കുകയല്ല. മനുഷ്യജീവിതത്തിന് വ്യക്തമായ ഉദ്ദേശ്യവും ലക്ഷ്യവുമുണ്ട്. കിട്ടിയ ജീവിതം സുഖിച്ചു മദിച്ചു ജീവിച്ചു തീർക്കുകയേ ചെയ്യേണ്ടതുള്ളൂ എന്ന വിചാരം പരമാബദ്ധമാകുന്നു. മരണാനന്തര വിചാരണയും രക്ഷാശിക്ഷകളും അനിഷേധ്യ യാഥാർഥ്യങ്ങളാകുന്നു.

مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا ۖ وَمَا يُمْسِكْ فَلَا
مُرْسِلَ لَهُۥ مِنۢ بَعْدِهِۦ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢﴾

2. അല്ലാഹു മനുഷ്യർക്കായി തുറന്നുകൊടുക്കുന്ന ഒരനുഗ്രഹവും തടഞ്ഞുനിർത്തുന്നവരാരുമില്ല. അവൻ തടഞ്ഞുവെക്കുന്നത് അവനു ശേഷം അഴിച്ചുവിടുന്നവരും ആരുമില്ല. അവൻ അജയ്യനും അഭിജ്ഞനും തന്നെയാകുന്നു.

**02**

مَّا يَفْتَحِ اللَّهُ = അല്ലാഹു തുറക്കു(ന്നു കൊടുക്കു)ന്ന
لِلنَّاسِ = മനുഷ്യർക്കായി مِن رَّحْمَةٍ = അനുഗ്രഹത്താൽ (ഒരനുഗ്രഹവും)
فَلَا مُمْسِكَ لَهَا = ഇല്ല അതിനെ പിടിച്ചുവെക്കുന്നവർ (തടഞ്ഞുനിർത്തുന്നവരാരും)
وَمَا يُمْسِكْ = അവൻ തടഞ്ഞുവെക്കുന്നത് എന്തോ فَلَا مُرْسِلَ لَهُ = അതിനെ അയക്കു(അഴിച്ചിടു)ന്നവരും ഇല്ല
مِن بَعْدِهِ = അവനു/അതിനു ശേഷം وَهُوَ = അവൻ الْعَزِيزُ الْحَكِيمُ = അജയ്യനും അഭിജ്ഞനും തന്നെയാകുന്നു

ഭൗതിക ലോകവും അഭൗതിക ലോകവും സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹു തന്നെയാണ് സൃഷ്ടികളുടെ ആവശ്യങ്ങളെല്ലാം നിവർത്തിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു മനുഷ്യർക്കുവേണ്ടി തുറന്നുവെക്കുന്ന ഒരനുഗ്രഹത്തിന്റെയും കവാടം തടഞ്ഞുവെക്കാൻ ഒരു ശക്തിക്കും സാധ്യമല്ല; ആ അനുഗ്രഹം സമ്പത്തും സന്തതികളുമാകട്ടെ, ശക്തിയും അധികാരവുമാകട്ടെ, ജ്ഞാനവും സന്മാർഗദർശനവുമാകട്ടെ. ആളുകൾ മൂഢമായി ആരാധിക്കുന്ന പ്രതിഷ്ഠകൾക്കോ ദേവീദേവന്മാർക്കോ സിദ്ധന്മാർക്കോ ഗ്രഹങ്ങൾക്കോ ഒന്നും അവന്റെ നടപടിയിൽ അശേഷം ഇടപെടാനാവില്ല. അതിനെല്ലാം അതീതനും തികഞ്ഞ അജയ്യനും അഭിജ്ഞനുമായ ശക്തിയാണവൻ. അതിനാൽ അവൻ മാത്രമേ മനുഷ്യരാൽ സ്തുതിക്കപ്പെടാനും ആരാധിക്കപ്പെടാനും അർഹനായിട്ടുള്ളത്.

അല്ലാഹു മനുഷ്യരെ അനുഗ്രഹിക്കുന്നതിനെ മനുഷ്യർക്കു തുറക്കുന്ന ഏതനുഗ്രഹവും مَّا يَفْتَحِ اللَّهُ لِلنَّاسِ مِن رَّحْمَةٍ എന്നു പരാമർശിച്ചതിൽ അല്ലാഹുവിന്റെ അനുഗ്രഹം അമൂല്യമായ നിധികളുടെ ഖജനാവാണെന്നും മനുഷ്യർക്ക് അത് തുറന്നുകൊടുക്കുന്നത് അവരോടുള്ള സവിശേഷമായ ദാക്ഷിണ്യമാണെന്നും ഉള്ള ധ്വനിയുണ്ട്. مَسَكَ-യുടെ മറ്റൊരു രൂപമായ امسك-യുടെ കർതൃവചനമാണ് مُمسك. വിടാതെ പിടിച്ചുനിർത്തലും കൈവശം വെക്കലുമാണ് امساك. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മനുഷ്യരിലേക്കു വിടാതെ പിടിച്ചുനിർത്താൻ കഴിവുള്ളവനാണ് ഇവിടെ مُمْسِكَ കൊണ്ട് ഉദ്ദേശ്യം. അല്ലാഹു വിലക്കിവെച്ചത്, ആ വിലക്ക് മറികടന്ന് മനുഷ്യരിലേക്കയക്കാൻ കഴിവുള്ളവനാണ് ഇവിടെ മുർസിൽ. مِن بَعْدِهِ-യുടെ വിവക്ഷ അവന്റെ വിലക്കിനു ശേഷം-من بعد امساكه എന്നാവാം. അവനു ശേഷം, അവനെക്കൂടാതെ എന്നുമാവാം. വരുന്ന 41-ാം സൂക്തത്തിൽ وَلَئِن زَالَتَا إِنْ أَمْسَكَهُمَا مِنْ أَحَدٍ مِّن بَعْدِهِ - അവ രണ്ടും നിങ്ങിപ്പോകുന്നുവെങ്കിൽ അവനു ശേഷം അതിനെ പിടിച്ചുനിർത്താനാരുമില്ല - എന്നു പറയുന്നുണ്ട്. ഇവിടെ مِن بَعْدِهِ-യുടെ വിവക്ഷ അവനെക്കൂടാതെ അല്ലെങ്കിൽ അവനെതിരെ എന്നാണ്. ●

---

يَٰٓأَيُّهَا ٱلنَّاسُ ٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ ۚ هَلْ مِنْ خَٰلِقٍ غَيْرُ ٱللَّهِ يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ لَآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣﴾

3. അല്ലയോ മർത്യരേ, അല്ലാഹു നിങ്ങൾക്കരുളിയ അനുഗ്രഹങ്ങൾ ഓർത്തുകൊണ്ടിരിക്കുവിൻ. അല്ലാഹുവല്ലാതെ മാനത്തുനിന്നും മണ്ണിൽനിന്നും നിങ്ങൾക്ക് അന്നം നൽകുന്ന മറ്റു വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ ദൈവമേതുമില്ല തന്നെ. എന്നിട്ടും നിങ്ങൾ വ്യതിചലിപ്പിക്കപ്പെടുന്നതെങ്ങനെ?!

**03**

يَا أَيُّهَا النَّاسُ = അല്ലയോ മർത്യരേ اذْكُرُوا = നിങ്ങൾ ഓർത്തുകൊണ്ടിരിക്കുവിൻ

نِعْمَتَ اللَّهِ عَلَيْكُمْ = നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹം (അല്ലാഹു അരുളിയ അനുഗ്രഹങ്ങൾ)

هَلْ مِنْ خَالِقٍ = സ്രഷ്ടാവിനാൽ (വല്ല സ്രഷ്ടാവും) ഉണ്ടോ غَيْرُ اللَّهِ = അല്ലാഹുവല്ലാതെ

يَرْزُقُكُم = നിങ്ങൾക്ക് അന്നം നൽകുന്നു مِّنَ السَّمَاءِ وَالْأَرْضِ = മാനത്തുനിന്നും ഭൂമിയി(മണ്ണി)ൽനിന്നും

لَا إِلَٰهَ إِلَّا هُوَ = അവനല്ലാതെ ദൈവം (ഏതും) ഇല്ലതന്നെ

فَأَنَّىٰ = അപ്പോൾ (എന്നിട്ടും) എങ്ങനെ تُؤْفَكُونَ = നിങ്ങൾ വ്യതിചലിപ്പിക്കപ്പെടുന്നു

ദീനിന്റെ അടിസ്ഥാന തത്ത്വങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള മുഖവുരക്കു ശേഷം മുഴുവൻ മനുഷ്യവർഗത്തെയും സംബോധന ചെയ്തുകൊണ്ട് ഉദ്ബോധിപ്പിക്കുകയാണ്. മനുഷ്യൻ തന്നെയും താനുൾക്കൊള്ളുന്ന പ്രപഞ്ചത്തെയും സൃഷ്ടിച്ച അല്ലാഹു അരുളിയ അനുഗ്രഹങ്ങളെക്കുറിച്ചോർത്തുകൊണ്ടിരിക്കണം എന്നതാണ് ഒന്നാമത്തെ ഉദ്ബോധനം. ഓർക്കുക, പറയുക, ബോധവാനാവുക എന്നെല്ലാം അർഥമുള്ള വാക്കാണ് اذْكُرُوا. അനുഗ്രഹവും ഐശ്വര്യവുമാണ് نِعْمَة. ഈ പദത്തിന് نُعْم എന്നും نِعْمة എന്നും ഭേദരൂപങ്ങളുണ്ട്. نِعَم - أَنْعُم - نِعْمات എന്നെല്ലാം ഇതിനു ബഹുവചനവുമുണ്ട്. نُعُوْمة മൃദുലതയും മിനുസവുമാണ്. കന്നുകാലിക്ക് نَعَم എന്നു പറയും. نَعِمَ യാണ് ക്രിയ. അനുഗൃഹീതമായി, സുഭിക്ഷമായി, സുഗമമായി, മൃദുലമായി എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്നു. نَعِمَ-യുടെ സകർമക ക്രിയാമൂലം انعم- അനുഗ്രഹിച്ചു, ഔദാര്യം ചെയ്തു. അതിന്റെ ക്രിയാമൂലം مصدر ആണ് اِنْعَام. ഇതിന്റെ തത്ഭവമാണ് നമ്മുടെ ഭാഷയിലെ 'ഇനാം.' മനുഷ്യന് എന്തൊക്കെ സൗഭാഗ്യങ്ങളും യോഗ്യതകളും ഉണ്ടോ അതൊക്കെയും അല്ലാഹു നൽകിയതാണെന്ന് ഓർത്തിരിക്കണം. തന്റേതായി യാതൊന്നുമില്ല. തന്റെ ജന്മം പോലും താനുണ്ടാക്കിയതല്ല. നിലനിൽപിന്റെ ഉപാധികളും സമ്പൂർണമായി അല്ലാഹുവിങ്കൽ നിന്നുള്ള ഇനാം മാത്രമാണ്. താൻ ശ്വസിക്കുന്ന വായു, കുടിക്കുന്ന ജലം, തിന്നുന്ന അന്നം എല്ലാം അല്ലാഹു അരുളിയതാണ്. ഈ സത്യത്തെക്കുറിച്ചുള്ള ബോധമാണ് മനുഷ്യനെ അവന്റെ യഥാർഥ അവസ്ഥയിൽ ഉറപ്പിച്ചുനിർത്തുക. ഈ സത്യം വിസ്മരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നവർ വിഗ്രഹങ്ങളെയും സാങ്കൽപിക ദേവതകളെയും അനുഗ്രഹദാതാക്കളായി കരുതി ആരാധിക്കുന്നു. അല്ലെങ്കിൽ എല്ലാം തങ്ങളുടെ സാമർഥ്യം കൊണ്ടോ മഹത്വം കൊണ്ടോ നേടിയതാണെന്നോ അനന്തരാവകാശമായി ലഭിച്ചതാണെന്നോ കരുതി അഹങ്കരിക്കുന്നു. അല്ലെങ്കിൽ തങ്ങൾ സ്വീകരിച്ച സാമൂഹിക വ്യവസ്ഥയുടെ മെച്ചം കൊണ്ട് സിദ്ധിച്ചതാണെന്ന് കരുതുന്നു. ജീവിത സൗകര്യങ്ങളൊന്നും ആരും നൽകിയതല്ലെന്നും യാദൃഛികമായി ഉളവായതാണെന്നും കരുതുന്നവരാണ് ഇനിയൊരു കൂട്ടർ. യഥാർഥ സ്രഷ്ടാവും അനുഗ്രഹദാതാവുമായ അല്ലാഹുവിനോടുള്ള കൂറും ഉത്തരവാദിത്തവും നിഷേധിക്കുന്ന കാര്യത്തിൽ ഇവരെല്ലാം ഒരുപോലെയാണ്.

ബഹുദൈവങ്ങളെയും വിഗ്രഹങ്ങളെയും അനുഗ്രഹദാതാക്കളായി വരിച്ചവരാണ് എക്കാലത്തും ലോകത്ത്

എന്ന സത്യം നിങ്ങളുടെ മനസ്സാക്ഷി തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ടാകും. എന്നിട്ടും സ്വന്തം മനസ്സാക്ഷിയെ അവഗണിച്ചുകൊണ്ട് നിങ്ങൾ എങ്ങനെ ആ സത്യത്തിൽനിന്ന് വ്യതിചലിപ്പിക്കപ്പെടുന്നു!

പ്രഭാഷണത്തിനിടയിൽ പ്രഭാഷകൻ ഉന്നയിച്ച ചോദ്യത്തിന് സംബോധിതർ മറുപടി പറയാതിരിക്കുമ്പോൾ പ്രഭാഷകൻ - അല്ലാഹു-തന്നെ നൽകുന്ന മറുപടിയാണ് لَا إِلَٰهَ إِلَّا هُوَ എന്നും വ്യാഖ്യാനമുണ്ട്. فَأَنَّىٰ تُؤْفَكُونَ എന്ന പിൻവാക്യവുമായി കൂടുതൽ യോജിക്കുന്നത് അത് സംബോധിതരുടെ മനസ്സാക്ഷിയുടെ ശബ്ദമാണെന്ന വ്യാഖ്യാനമാകുന്നു. എവിടെ, എങ്ങനെ, എപ്പോൾ എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്ന ചോദ്യമാണ് أَنَّىٰ. അതിശയ സൂചകമായിട്ടാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. أَفَكَ (വ്യതിചലിപ്പിച്ചു, തിരിച്ചുവിട്ടു) -യുടെ വർത്തമാന കർമണി ബഹുവചനമാണ് تُؤْفَكُونَ. കർത്താവിനെ പറയാതിരുന്നത് മുകളിൽ സൂചിപ്പിച്ചതുപോലെ കർത്താവ് പലതും പലവിധവുമായതുകൊണ്ടാണ്. ●

ഏറെയുള്ളത്. അവരോട് പറയുകയാണ്: ആലോചിച്ചുനോക്കുക, മാനത്തുനിന്ന് ജലമിറക്കിയും ഭൂമിയിൽ ധാന്യങ്ങളും ഫലമൂലാദികളും മറ്റു വിഭവങ്ങളും ഉൽപാദിപ്പിച്ചും നിങ്ങളുടെ ജീവിതാവശ്യങ്ങൾ പൂർത്തീകരിച്ചുതരുന്നത് പ്രപഞ്ച സ്രഷ്ടാവും പരമകാരുണികനുമായ അല്ലാഹു തന്നെയാണ്. എന്നിരിക്കെ നിങ്ങൾ അവനല്ലാത്തവരെ ആരാധ്യരും അനുഗ്രഹദാതാക്കളുമായി വരിക്കുന്നതിലെന്തർഥം? സ്രഷ്ടാവിന്റെ മാത്രം ഉത്തരവാദിത്തവും അധികാരവുമാണത്. സൃഷ്ടികളുടെ ആരാധനക്കും ഭക്തിക്കും അവനല്ലാത്ത മറ്റു ചിലർ അർഹരാകുന്നു എന്നതിനർഥം ആ മറ്റു ചിലരും പൂർണമായോ ഭാഗികമായോ സ്രഷ്ടാക്കളും അനുഗ്രഹദാതാക്കളുമാകുന്നു എന്നാണ്. സത്യസന്ധമായി ചിന്തിച്ചു നോക്കുക; അല്ലാഹുവല്ലാതെ ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ജീവിതവിഭവങ്ങൾ നൽകുന്ന മറ്റേതെങ്കിലും സ്രഷ്ടാവുണ്ടോ? ഉണ്ടെന്നു പറയാൻ നിങ്ങൾക്കാവില്ല. അല്ലാഹുവല്ലാതെ വേറെ ദൈവമേതുമില്ല

---

وَإِن يُكَذِّبُوكَ فَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٤﴾

4. പ്രവാചകാ, ഈ ജനം നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ, നിനക്കു മുമ്പ് എത്രയോ ദൈവദൂതന്മാർ തള്ളിപ്പറയപ്പെട്ടിട്ടുള്ളതാകുന്നു. ഒടുവിൽ വിഷയങ്ങളൊക്കെയും അല്ലാഹുവിങ്കൽ തന്നെ സമർപ്പിക്കപ്പെടുന്നതാകുന്നു.

**04**

وَإِن يُكَذِّبُوكَ = അവർ (പ്രവാചകാ, ഈ ജനം) നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ

فَقَدْ كُذِّبَتْ رُسُلٌ = (എത്രയോ ദൈവ) ദൂതന്മാർ തള്ളിപ്പറയപ്പെട്ടിട്ടുള്ളതാകുന്നു

مِّن قَبْلِكَ = നിനക്കു മുമ്പ് وَإِلَى ٱللَّهِ = അല്ലാഹുവിങ്കൽ തന്നെ

تُرْجَعُ ٱلْأُمُورُ = കാര്യങ്ങൾ മടക്കപ്പെടും (ഒടുവിൽ വിഷയങ്ങളൊക്കെയും സമർപ്പിക്കപ്പെടുന്നതാകുന്നു)

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചു ചിന്തിക്കാൻ കൂട്ടാക്കാതെ, അല്ലെങ്കിൽ ചിന്തിച്ചു യാഥാർഥ്യം മനസ്സിലാക്കിയിട്ടും ആസക്തികൾക്കും പൈശാചിക പ്രലോഭനങ്ങൾക്കും വിധേയരായി അതിൽനിന്ന് വ്യതിചലിക്കുന്നവർ പ്രവാചക സന്ദേശം തള്ളിപ്പറയുന്നുവെങ്കിൽ അതിൽ അത്ഭുതമോ കുണ്ഠിതമോ വേണ്ടതില്ല. അത്തരക്കാരിൽനിന്ന് പ്രതീക്ഷിക്കാവുന്നത് തന്നെയാണാ സമീപനം. പുണ്യാത്മാക്കളായ പൂർവ പ്രവാചകന്മാർക്കെല്ലാം അത് നേരിടേണ്ടി വന്നിട്ടുള്ളതാണ്. നിഷേധിക്കുന്നവരെയും പിന്തിരിഞ്ഞു പോകുന്നവരെയും അവഗണിച്ചുകൊണ്ട് പ്രവാചകൻ സ്വന്തം ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കണം. ദൈവദൂതനെ ഈ വിധം സമാധാനിപ്പിച്ച ശേഷം നിഷേധികൾക്കു നൽകുന്ന താക്കീതാണ് وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ. പ്രവാചകന്റെ പ്രബോധനവും സത്യനിഷേധികളുടെ നിഷേധവും ഒരു പ്രത്യാഘാതവുമില്ലാതെ ശൂന്യതയിൽ ലയിച്ചുപോകുന്നില്ല. പ്രവാചകൻ ക്ഷണിക്കുന്നത് ഏത് അല്ലാഹുവിലേക്കാണോ ആ അല്ലാഹുവിന്റെ മുന്നിൽതന്നെ ആ ക്ഷണവും അതിനോട് ജനങ്ങൾ സ്വീകരിച്ച സമീപനവുമെല്ലാം ഒരുനാൾ ഹാജരാക്കപ്പെടും. അപ്പോൾ ഓരോരുത്തരുടെയും കർമങ്ങൾ വിചാരണാവിധേയമാവുകയും അർഹിക്കുന്ന അനന്തരഫലം വിധിക്കപ്പെടുകയും ചെയ്യും. ●

---

يَٰٓأَيُّهَا ٱلنَّاسُ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَا ۖ وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ﴿٥﴾

5. അല്ലയോ മർത്യരേ, അല്ലാഹുവിന്റെ വാഗ്ദാനം തികച്ചും സത്യമാകുന്നു. ഭൗതിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. കൊടും ചതിയനായ ചെകുത്താൻ അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ.

**05**

يَا أَيُّهَا النَّاسُ = അല്ലയോ മർത്യരേ إِنَّ وَعْدَ اللَّهِ = തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം
حَقٌّ = (തികച്ചും) സത്യമാകുന്നു فَلَا تَغُرَّنَّكُمُ = അതിനാൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ
الْحَيَاةُ الدُّنْيَا = ഭൗതിക ജീവിതം وَلَا يَغُرَّنَّكُم = നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ
بِاللَّهِ = അല്ലാഹുവി(ന്റെ കാര്യത്തിൽ)നെക്കൊണ്ട് الْغَرُورُ = കൊടും ചതിയൻ (ചതിയനായ ചെകുത്താൻ)

മുഴുവൻ മനുഷ്യരെയും വിളിച്ചുകൊണ്ട് വീണ്ടും ഉദ്‌ബോധിപ്പിക്കുകയാണ്; മരണാനന്തരം നിങ്ങളെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയും നിങ്ങളുടെ ജീവിത കർമങ്ങളെല്ലാം വിചാരണ ചെയ്ത് രക്ഷാശിക്ഷകൾ വിധിക്കുകയും ചെയ്യുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം പൊള്ളയാണെന്ന് വിചാരിക്കേണ്ട. നാളെ സംഭവിക്കേണ്ട അനിവാര്യമായ യാഥാർഥ്യം തന്നെയാണത്. ഭൗതിക ജീവിതത്തിന്റെ പകിട്ടുകളിൽ വഞ്ചിതരായിപ്പോകരുത്. സ്രഷ്ടാവായ അല്ലാഹുവിനെ വിലയിരുത്തുന്നതിൽ ചെകുത്താന്റെ വഞ്ചനയിലകപ്പെടാതിരിക്കാനും കരുതലുണ്ടായിരിക്കണം. ഭൗതിക ജീവിതം ക്ഷണികവും ക്ഷുദ്രവുമാണ്. ഈ ജീവിതത്തിനപ്പുറം ഒന്നുമില്ല എന്ന തോന്നൽ വ്യാമോഹമാണെന്നറിഞ്ഞിരിക്കുക. ദൈവം നിങ്ങളെ വെറുതെ സൃഷ്ടിച്ചുവിട്ടിരിക്കുകയല്ല. മനുഷ്യജീവിതത്തിന് വ്യക്തമായ ഉദ്ദേശ്യവും ലക്ഷ്യവുമുണ്ട്. കിട്ടിയ ജീവിതം സുഖിച്ചു മദിച്ചു ജീവിച്ചു തീർക്കുകയേ ചെയ്യേണ്ടതുള്ളൂ എന്ന വിചാരം പരമാബദ്ധമാകുന്നു. മരണാനന്തര വിചാരണയും രക്ഷാശിക്ഷകളും അനിഷേധ്യ യാഥാർഥ്യങ്ങളാകുന്നു. മരണാനന്തരം ഒരു ജീവിതം ഉണ്ടെങ്കിൽ തന്നെ കൃപാനിധിയും ഉദാരനുമായ ദൈവം അവിടെയും രക്ഷകനും അനുഗ്രഹദാതാവും തന്നെയായിരിക്കും എന്നും അവൻ ഒരിക്കലും നിർദാക്ഷിണ്യം ശിക്ഷിക്കുന്നവനാവില്ല എന്നും ചിലർ വ്യാമോഹിക്കുന്നു. ഇനി ഒരുവേള നരകവും ശിക്ഷയും ഒക്കെ ഉണ്ടെങ്കിൽ തന്നെ നമ്മൾ ആരാധിക്കുന്ന ബഹുദൈവങ്ങൾ അവനോട് ശിപാർശ ചെയ്ത് നമ്മളെ അതിൽനിന്നെല്ലാം രക്ഷിച്ചുകൊള്ളും എന്ന് പ്രതീക്ഷിക്കുന്നു. അല്ലെങ്കിൽ ഭൂമിയിലെ കൊച്ചു, സൃഷ്ടികളായ മനുഷ്യരെ പിടിച്ച് ശിക്ഷിച്ചതുകൊണ്ട് ദൈവത്തിനെന്തു നേട്ടം എന്നു ചോദിക്കുന്നു?! ഇത്തരം വിചാരങ്ങളൊക്കെ അല്ലാഹുവിനെ വിലയിരുത്തുന്നതിൽ നിങ്ങൾ വഞ്ചിതരാവാൻ ചെകുത്താൻ ഒരുക്കുന്ന കെണികളാണ്. وَلَا يَغُرَّنَّكُم بِاللَّهِ الْغَرُورُ എന്ന വാക്യം സൂറ *ലുഖ്മാൻ* 33-ാം സൂക്തത്തിലും വന്നിരിക്കുന്നു. രണ്ടിടത്തും غَرُورُ കൊണ്ട് ഉദ്ദേശിക്കുന്നത് ചെകുത്താനാണ്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ●